## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 571 — 11.06.2013 ലെ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പ്രൊമോഷനും പെൻഷനും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.എം. ഷാജി. | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കെ.എസ്.എഫ്.ഇ.ഓഫീസ് അറ്റൻഡന്റ് മാരിൽ ജൂനിയർ അസിസ്റ്റന്റുമാരായി പ്രൊമോഷൻ ലഭിക്കാൻ അർഹരായി ഇനി എത്ര പേർ ബാക്കിയുണ്ട്. അവർക്ക് എപ്പോൾ പ്രമോഷൻ നൽകും; | (എ) | 37 പേർ - ജൂനിയർ അസിസ്റ്റന്റുമാരുടെ Fresh vacancy പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് അതിന് ആനുപാതികമായി ഓഫീസ് അറ്റൻഡന്റമാർക്ക് പ്രൊമോഷൻ നൽകുന്നതാണ്. |
| (ബി) | പ്രൊമോഷൻ ടെസ്റ്റ് പാസ്സായ 55 ഓഫീസ് അറ്റൻഡന്റമാർക്ക് ജൂനിയർ അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 55 പേരിൽ പ്രൊമോഷൻ ലഭിക്കുവാനായി അവശേഷിക്കുന്നത് 37 പേരാണ്. ഉത്തരം (എ)-യിൽ സൂചിപ്പിച്ച രീതിയാണ് ഇവരുടെ പ്രൊമോഷൻ കാര്യത്തിൽ അവലംബിക്കുക. |
| (സി) | 2012 സെപ്റ്റംബറിലെ കണക്ക് അനുസരിച്ച് കെ.എസ്.എഫ്.ഇ. യിൽ എത്ര അസിസ്റ്റന്റുമാരെ ആവശ്യമുണ്ട്. അവരിൽ എത്ര പേർ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്നു; | (സി) | 30 സെപ്റ്റംബർ 2012 തിയ്യതി പ്രകാരം ആവശ്യമായ അസിസ്റ്റന്റുമാരുടെ എണ്ണം - 3144<br>ടി തിയ്യതിയിൽ നിലവിലുണ്ടായിരുന്ന അസിസ്റ്റന്റുമാരുടെ എണ്ണം - 2682 |
| (ഡി) | കെ.എസ്.എഫ്.ഇ യിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചശേഷം 1500/- രൂപയിൽ താഴെ ഇ.പി.എഫ്. പെൻഷൻ വാങ്ങി ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നവരെക്കുറിച്ചുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ.അവർക്കു വേണ്ടി സർക്കാരിന് ബാദ്ധ്യതയില്ലാത്ത ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.എഫ്.ഇ യിലെ ജീവനക്കാർക്ക് രണ്ടാം റിട്ടയർമെന്റ് ആനുകൂല്യമായി ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാ സാധ്യതകളും കമ്പനി പരിശോധിച്ച് വരികയാണ്. ഗവൺമെന്റിൽ നിന്നുള്ള നിർദ്ദേശങ്ങളും, ഭരണസമിതി തീരുമാനങ്ങളും ജീവനക്കാരുടെ സംഘടനകളുടെ ഭാഗത്തുനിന്നുള്ള അഭിപ്രായങ്ങളും ക്രോഡീകരിച്ചുകൊണ്ട് മെച്ചപ്പെട്ട ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കാൻ കമ്പനി ശ്രമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ.